കഥ: **മാ നിഷാദ**

................................

**വി .എസ്. അജിത്ത്**

.................................

മന്ത് ഓഫ് കർക്കടകത്തിലാണ് ലബ്ധപ്രതിഷ്ഠനായതിൻ്റെ ഏനക്കേട് എഴുകോൺ ദക്കാർത്തയ്ക്ക് വെനയായിത്തീരുന്നത്. ഓണം വന്നുപോയല്ലോ! പന്ത്രണ്ട് വാരികകൾക്ക് കഥ വേണം.. എഡിറ്റർമാർ സാമം, ദാനം, ഭേദം, ദണ്ഡം എന്നീ ചതുരുപായങ്ങൾ പ്രയോഗിക്കുന്നതിൽ ചാതുര്യമുള്ളവരാണല്ലോ. രണ്ട് പേർക്ക് കവിതയായാലും മതി! കഥാകൃത്തും നോവലിസ്റ്റും കവിതയെഴുതിയാൽ വാഴ്ത്താനാളുണ്ടത്രേ!

"ഉറുമ്പിൻ തലയാനയ്ക്കും

ആനത്തലയുറുമ്പിനും

മാറ്റിവച്ചു കൊടുത്തീടിൽ

മലയാളം മനോഹരം "

എന്ന് കുഞ്ഞുണ്ണി മാഷ് പറഞ്ഞത് വെറുതേയല്ല.

വർക്കല ക്ലിഫിലെ റിസോട്ടിലിരുന്ന് ഒന്നരയടിച്ച് ഒരു ജോയിൻ്റും വലിച്ച് കീഴെ കടലും മേലേ ആകാശവും മാറിമാറി നോക്കിയാൻ വല്ല ഐഡിയയും വന്നാലോന്ന് ഒരിത്. ലൈറ്ററെടുക്കാൻ താഴേക്കിറങ്ങിയപ്പോൾ റിസോട്ട് വാലാ മത്സ്യഗന്ധൻ മീനുംചാരി നിൽക്കുന്നു.

"സാറെന്തോ മറന്ന പോലുണ്ടല്ലോ?"

"ലൈറ്ററെടുക്കാൻ മറന്നു..... താനെന്താ എപ്രണമിട്ട് ഫിഷ് ടാങ്കിൽ?"

"ഇതല്ലേ നമ്മുടെ സ്പെഷ്യൽ ! ഈ ഓടിക്കളിക്കണ മീനുകൾ കണ്ടോ.. ഇതീന്ന് സാറ് ചൂണ്ടിക്കാണിക്കുന്നവനെ അരമണിക്കൂറിനകം വാഴയിലയിൽ പൊള്ളിച്ച് റൂമിലെത്തിക്കും."

"നമ്മുടെ കുണ്ടറയിലെ കരിമീനല്ലേ ഇത്? അഷ്ടമുടിക്കായലിലെ? "

"അതെ സാറേ .. നല്ല ഒന്നാന്തരം കാഞ്ഞിരോട്ട് കരിമീൻ"

"ഇതു മതി. ഇവനെ പൊക്കിയേരേ.. അരക്കിലോ വരത്തില്ലേ?"

"മുക്കാലു വരും സാർ"

"സായിപ്പിന് വയ്ക്കും പോലെ എരിവ് തീരെ കുറയ്ക്കണ്ട."

" അത് പിന്നെ പറയണോ സാറേ... "

പങ്ച്ചാലിറ്റിയുടെ കാര്യത്തിൽ മത്സ്യഗന്ധനെ കഴിഞ്ഞിട്ടേ ഉള്ളൂ. മൂന്നാമത്തെ പെഗ്ഗിൽ ഐസ് ക്യൂബിട്ടതും മത്സ്യമെത്തി. റൈറ്റേഴ്സ് ബ്ലോക്ക് വന്നാൽ മീൻ തൊട്ട് കൂട്ടണമെന്നാണല്ലോ മിമാംസാദി വിദ്യ പഠിച്ച മേൽപ്പത്തൂരിന് കിട്ടിയ ഉപദേശം. പിന്നെ ഒട്ടും അമാന്തിച്ചില്ല. നടുക്കണ്ടത്തീന്നൊരു പീസെടുത്ത് മുള്ളുകളഞ്ഞ് അണ്ണാക്കിലേക്കിട്ടതും ഐഡിയ പൂല്ലുപോലെ വന്നു ചാടി. ഒന്നാം വാരികക്കാരനുള്ള കഥ റെഡി. " **പറുദീസയിലെ പിശാച്** "

താമരയും നെയ്യാമ്പലും മുള്ളൻപായലും നിറഞ്ഞ രമണീയമായ പറുദീസയിലാണ് കഥ നടക്കുന്നത്. വാൽമാക്രി, നീർക്കോലി, നെത്തോലി, മാനത്തുകണ്ണി, കരിമീൻ, റോഹു, മുഷി, ചേറ്, വരാൽ, ഞവണിക്കാ, കുളക്കോഴി, കൊക്ക് ഇത്യാദി സോദരത്വേന വാഴുന്ന മാതൃകാ തടാകമാണിത്. സുന്ദരിമാർ അടിപ്പാവാടയഴിച്ച് മുലക്കച്ചയാക്കി നീരാട്ടു നടത്തുന്ന കടവുണ്ടിവിടെ. ആണുങ്ങൾ അണ്ടർവെയറിട്ട് മുങ്ങാങ്കുഴിയിടുന്ന ബലിക്കല്ലുമിവിടെ തന്നെ. ഒറ്റയും തെറ്റയും വാത്തകൾ മന്ദംമന്ദമൊഴുകുന്ന കാര്യം പറയാൻ മറന്നു. ആൻ്റൺ ചെഖോവിൻ്റെ കഥയിലെ ആ നരച്ചതാടിക്കാരൻ കൊതുമ്പുവള്ളത്തിൽ താറാക്കൂട്ടങ്ങളെ മേയ്ക്കാറുമുണ്ട്.

ഈ ബഹുസ്വരതയുടെ വിശാലതയിൽ നിന്നും നിങ്ങടെ ശ്രദ്ധ ഞാനാ കരിമീൻ കുടുംബത്തിലേക്ക് കൊണ്ടു പോവുകയാണ്. ചാർലി എന്ന യുവ കരിമീനും ചാർമ്മിള എന്ന കരിമീനത്തിയും അല്ലിയാമ്പൽക്കടവിൽ ഇണചേരുകയാണ്. റെഡ് കോമ്രേഡുകളുടെ നാട്ടിൽ രണ്ട് ഗ്രീൻ ക്രോമൈഡുകൾ ( Green Chromide ) ! നെഞ്ചിലാകെ അനുരാഗ കരിക്കിൻ വെള്ളം. കരിമീൻ മോണോഗമസ് (Monogamous) ആണെന്ന കാര്യം ഏവർക്കും അറിവുള്ളതാണല്ലോ. മനുഷ്യർ കണ്ണു തെറ്റിയാൽ മതിലുചാടുന്ന മലനാട്ടിലെ എണ്ണംപറഞ്ഞ ഏകപത്നീവ്രതക്കാരനാണ് ചാർലിക്കരിമീൻ. ചാർമ്മിളയും പതിവ്രത തന്നെ. കെട്ടു കഴിഞ്ഞ് എട്ടാം മാസം ചാർമ്മിള മുട്ടയിട്ടു. മുട്ട വിരിഞ്ഞ് കുനുകുനാന്ന് 101 പിള്ളേര് നീന്തിക്കളിക്കുകയാണ്. ദുര്യോധനൻ മുതൽ ദുശ്ശള വരെ. എല്ലാറ്റിനും പേരുണ്ട്. അച്ഛനായതിൻ്റെ അഹങ്കാരത്തിൽ അമരക്കാരനായി ചാർലിയും അമ്മയായതിൻ്റെ അഭിമാനത്തിൽ അനുഗാമിയായി ചാർമ്മിളയുമുണ്ട്.

നേരം ഇരുട്ടി. എന്നു വച്ചാ ആറര ആറേമുക്കാൽ. അരുണസൂര്യൻ്റെ മാണിക്കച്ചെമ്പഴുക്ക മറച്ചുകൊണ്ട് മറവിൽ നിന്നെത്തിയ മസ്സിൽമാൻ ആരാണ്? ആരാണാ കശ്മലൻ ? ആ നികൃഷ്ട രൂപത്തിൻ്റെ കയ്യിലെന്താണ്? ദൈവമേ ചൂണ്ട! ചൂണ്ടയുടെ അറ്റത്തൊരു റബ്ബർമാക്രി. " കൊത്തരുതേ.. കൊത്തരുതേ.. " ന്ന് ചാർമ്മിള വിളിച്ചുപറയുന്നുണ്ടായിരുന്നു. ഏഴ് മണീടെ സൈറൺ അടിച്ചതു കാരണം കേട്ടില്ല. കൊത്തി. ചാർലിയെ നരാധമൻ പൊക്കി. സീൻ കോൺട്രാ. ആനന്ദം കണ്ണീരിനു വഴിമാറി. വളർച്ച മുറ്റാത്ത 101 പിറുങ്ങിണികളെയും കൊണ്ട് അമ്മക്കരിമീൻ ഇനി എന്തു ചെയ്യും? ചാർമ്മിളയ്ക്കിനി ആരാ? ശോകം സീനാണു കൂട്ടുകാരേ ശോകം സീൻ.

അതു കലക്കി. ഓണപ്പതിപ്പിലെ കഥയാവുമ്പം ശോകം നിർബന്ധം. നാലുകൂട്ടം പ്രഥമനടിച്ച് മത്തുപിടിച്ചിരിക്കുന്ന പുല്ലുകള് ശോകമില്ലെങ്കിൽ വായിക്കത്തില്ലെന്നാ ബുദ്ധിജീവികളുടെ പൊതുബോധം !

ഇനി പടിയിറങ്ങി ബീച്ചിലൊന്ന് ഉലാത്തണം. ഓർഹൻ പാമുക്കിനെ വായിച്ചിട്ടുള്ള മദാമ്മയെ കണ്ടുമുട്ടുകയാണെങ്കിൽ ഒരു നടയ്ക്ക് ഓ.. അല്ലെങ്കിൽ അതു പിന്നെ, ഫ്രഞ്ച് കിസ്സിനെക്കുറിച്ചുള്ള സംശയങ്ങൾ ചോദിക്കാം. സീസൺ അല്ലെങ്കിലും സീസൺഡ് ആയ ഒന്നു രണ്ട് മദാമ്മമാർ നിൽപ്പുണ്ട്. പക്ഷേ ഭാഗ്യം എപ്പഴും ഒരുപോലെ ഇരിക്കത്തില്ല. ചെവിക്കല്ലിന് ടപ്പേന്ന് കിട്ടിയ പാടേ വാണംവിട്ട പോലെ തിരിച്ച് റൂമിലെത്തി. ഒറ്റശ്വാസത്തിൽ ഒരു കവിത പൂർത്തിയാക്കി. **"മദാമ്മേ മാപ്പ്!"**

പന്ത്രണ്ടിൽ രണ്ടെണ്ണമൊത്തതിൻ്റെ സന്തോഷത്തിൽ ഒരു ജോയിൻ്റടിക്കാമെന്ന് കരുതി ലൈറ്ററെടുത്തു. ചെവിക്കല്ലിൻ്റെ വേദനയ്ക്ക് ലവൻ പഷ്ടാ. ക്ലിം ! ക്ലിം ! കാളിംഗ്ബെല്ലടിക്കുന്നു. സാത്താനേ ! പോലീസെങ്ങാനും ?!

ആശ്വാസം. നമ്മുടെ മത്സ്യഗന്ധൻ.

"സാറേ Flatened Meat ഉണ്ട്. എടുക്കട്ടേ?"

"ഫ്ളാറ്റൻഡ് മീറ്റ് ?"

"അതു സാറേ ടാറിട്ട റോഡിൽ ബസ്സും ലോറിയും കയറി ചതഞ്ഞ ജന്തുക്കളുടെ മാംസം വച്ചുള്ള പ്രിപ്പറേഷൻ. സായിപ്പന്മാർക്ക് Flatened recipe വലിയ കമ്പമാണ്. "

"വല്ല പട്ടിയും പൂച്ചയുമൊക്കെയാണോടേ?"

"അല്ല സാറേ.. ഇവിടെ തവള, മഞ്ഞച്ചേര, പഴവുണ്ണി , പെരുമ്പാമ്പ് ഒക്കെ കിട്ടും. വയനാട്ടിലെ റിസോട്ടിലായിരുന്നപ്പം മാനും മ്ളാവുമോക്കെ എപ്പഴും കാണും.. ഒന്നിനേം കിട്ടിയില്ലെങ്കി മുയലിനെ റോഡ്റോളറിൻ്റെ അടീക്കേറ്റി അരച്ചെടുക്കും."

"ഇന്നിപ്പം ഏതാ സ്റ്റഫ് ?"

" മുതലാളി വെളുപ്പിന് മലയിറങ്ങി വന്നപ്പം തൊളിക്കോടു വച്ച് പെരുമ്പാമ്പിനെ കിട്ടി. ടിപ്പറ് കേറിയതാണെന്ന് തോന്നുന്നു. രഹസ്യമാ. സാറിനോടായതു കൊണ്ട് പറഞ്ഞതാ. പുറത്തു വിടണ്ട."

" എന്നാപ്പിന്നെ അതായിക്കോട്ട്.. അതിൻ്റെ കണക്കിന് ഒരു പ്ലേറ്റെടുത്തോ. "

ഒരു തൊണ്ണൂറൊഴിച്ച് സിപ്പ് ചെയ്ത് അലവുംതടവിയിരുന്നപ്പം സാധനമെത്തി. കാട്ടുപന്നിക്ക് വരാലിൽ ജനിച്ച ഇളയതിൻ്റെ രുചി. പെരുമ്പാമ്പ് ഉഷാർ !

ആമയിഴഞ്ചാൻതോടും കിള്ളിയാറും വേമ്പനാട്ടുകായലും കൊണ്ട് സമ്പുഷ്ടമായ കേരളത്തിനെന്തിനാണ് ടാറിട്ട റോഡുകൾ ? എന്തിനാണ് ട്രെയിനും വിമാനവും? ജലപാത പോരേ? ആരെ കെട്ടിക്കാനാണ് ആറു മണിക്കൂറു കൊണ്ട് കൊച്ചിയിലെത്തുന്നത്? മൂന്നു ദിവസമെടുത്ത് കാസറഗോഡെത്തിയാൽ എന്താ കുഴപ്പം? വികസന വിരുദ്ധ പരിസ്ഥിതി സൗഹൃദ ജന്തുസ്നേഹ കഥ! പൊളിസാനം ! ഇത് തിമിർക്കും. " കാടെവിടെ മക്കളേ.. " അതു വേണ്ട, എങ്കെയോ പാത്ത മാതിരി. "**നടുറോഡിൽ പൊലിഞ്ഞ നെടുവരിയൻ പെരുമ്പാമ്പ്**" . ഇതു മതി!!